# മൂപ്പന്മാർക്കും
# ഉത്തരവാദിത്തപ്പെട്ട സഹോദരന്മാർക്കും വേണ്ടിയുള്ള
# അന്തർദേശീയ പരിശീലനം

ഏപ്രിൽ 2024

## ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുല ശുശ്രൂഷയിലുള്ള നമ്മുടെ ശുശ്രൂഷ പൂർണമായി നിർവഹിക്കുന്നതിന് ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെട്ടുകൊണ്ട്, മാനത്തിനായുള്ള ഒരു പാത്രം, പൂർണമായി സജ്ജമാക്കപ്പെട്ട ഒരു ദൈവത്തിന്റെ മനുഷ്യൻ, ആയിരിക്കുക

ദൂത് മൂന്ന്

### ഉപദേഷ്ടാക്കന്മാരും, പടയാളികളും, മത്സരാർഥികളും, കർഷകനും വേലക്കാരുമായിരിക്കുവാൻ ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടുന്നു

തിരുവെഴുത്ത് വായന: 2 തിമൊ. 2:1-7, 15

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 തിമൊ. 2:2 അനേകം സാക്ഷികളിലൂടെ എന്നിൽ നിന്ന് നീ കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക.

2 തിമൊ. 2:3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.

2 തിമൊ. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

2 തിമൊ. 2:5 മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല.

2 തിമൊ. 2:6 അധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്നു പങ്കു കൊള്ളുവാൻ.

2 തിമൊ. 2:7 ഞാൻ പറയുന്നത് കരുതിക്കൊള്ളുക, കർത്താവ് സകലത്തിലും നിനക്കു ഗ്രാഹ്യം നൽകും.

2 തിമൊ. 2:15 സത്യത്തിന്റെ വചനത്തെ നേരെ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളവനാകുക.

**I. ദൈവജനത്തിൽ ഭൂരിഭാഗവും വഹിച്ചുകൊണ്ടുപോകപ്പെടുമ്പോഴുള്ള താഴേക്കുള്ള ഒരു പ്രവണതയായ അധഃപതനത്തിന്റെ ഒരു കാലഘട്ടത്തിൽപോലും, കർത്താവിനോട് വിശ്വസ്തത നിലനിർത്തുവാൻ അവനിൽനിന്നും കരുണ സ്വീകരിക്കുന്ന ദൈവജനത്തിന്റെ ശേഷിപ്പിന്റെ ഇടയിലായിരിക്കണം നാം—1 കൊരി. 7:25; 1 രാജാ. 19:14, 18; റോമ. 11:5; എസ്രാ 9:8; നെഹ. 1:3; ഹഗ്ഗാ. 1:14:**

1 കൊരി. 7:25 കന്യകമാരെക്കുറിച്ച് എനിക്ക് കർത്താവിന്റെ കൽപന ഇല്ല, എന്നാൽ വിശ്വസ്തനായിരിക്കുവാൻ കർത്താവിനാൽ കരുണ ലഭിച്ചവനായി ഞാൻ എന്റെ അഭിപ്രായം നൽകുന്നു.

1 രാജാ. 19:14 അതിന്നു അവൻ: സൈന്യങ്ങളുടെ ദൈവമായ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു, നിന്റെ യാഗപീഠങ്ങളെ ഇടിച്ചു, നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; എനിക്കും അവർ ജീവഹാനി വരുത്തുവാൻ നോക്കുന്നു

എന്നു പറഞ്ഞു.

1 രാജാ. 19:18 എന്നാൽ ബാലിന്നു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായുമുള്ളവരായി ആകെ ഏഴായിരംപേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു.

റോമ. 11:5 അങ്ങനെ ഈ കാലത്തും അതേ രീതിയിൽ കൃപയുടെ തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പ് നിലവിൽ വന്നിരിക്കുന്നു.

എസ്രാ. 9:8 ഇപ്പോഴോ, ഞങ്ങളുടെ ദൈവം ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണ്ടതിന്നും ഞങ്ങളുടെ ദാസ്യസ്ഥിതിയിൽ ഞങ്ങൾക്കു കുറഞ്ഞോരു ജീവശക്തി നല്കേണ്ടതിന്നും ഞങ്ങളിൽ ഒരു ശേഷിപ്പിനെ രക്ഷിച്ചു തന്റെ വിശുദ്ധസ്ഥലത്തു ഞങ്ങൾക്കു ഒരു പാർപ്പിടം തരുവാൻ തക്കവണ്ണം ഞങ്ങൾക്കു ഒരു ക്ഷണനേരത്തേക്കു ഞങ്ങളുടെ ദൈവമായ യഹോവ കൃപ കാണിച്ചിരിക്കുന്നു.

നെഹെ. 1:3 അതിന്നു അവർ എന്നോടു: പ്രവാസത്തിൽനിന്നു തെറ്റി ഒഴിഞ്ഞുപോയി ശേഷിപ്പു അവിടെ ആ സംസ്ഥാനത്തു മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു; യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കിടക്കുന്നു എന്നു പറഞ്ഞു.

ഹഗ്ഗാ. 1:14 യഹോവ യെഹൂദാദേശാധിപതിയായി ശെയല്തീയേലിന്റെ മകനായ സെരുബ്ബാബേലിന്റെ മനസ്സും മഹാപുരോഹിതനായി യെഹോസാദാക്കിന്റെ മകനായ യോശുവയുടെ മനസ്സും ജനത്തിൽ ശേഷിപ്പുള്ള ഏവരുടെയും മനസ്സും ഉണർത്തി; അവർ വന്നു തങ്ങളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ ആലയത്തിങ്കൽ വേല ചെയ്തു.

A. ഒനേസിഫൊരസ്, കർത്താവിന്റെ നിയോഗം നിമിത്തമുണ്ടായ അപ്പൊസ്തലന്റെ തടവിനെക്കുറിച്ച് ലജ്ജിക്കാതെ കർത്താവിന്റെ സ്ഥാനാപതിയെ ആത്മാവിലും ദേഹിയിലും ശരീരത്തിലും ഉന്മേഷവാനാക്കുന്നതിന് പൊതു പ്രവണതയെ ചെറുക്കുകയും, അധോഗതിക്കെതിരെ നിലകൊള്ളുകയും ചെയ്ത ഒരു ജയാളിയായിരുന്നു—2 തിമൊ. 1:16-18.

2 തിമൊ. 1:16 ഒനേസിഫൊരൊസിന്റെ ഭവനത്തോട് കർത്താവ് കരുണ കാണിക്കട്ടെ, അവൻ എന്നെ പലപ്പോഴും ഉന്മേഷവാനാക്കിയിരുന്നു, എന്റെ ചങ്ങലയെക്കുറിച്ച് ലജ്ജിച്ചതുമില്ല;

2 തിമൊ. 1:17 എന്നാൽ റോമയിൽ ആയിരുന്നിട്ട്, അവൻ ശുഷ്കാന്തിയോടെ എന്നെ അന്വേഷിച്ചു കണ്ടെത്തി.

2 തിമൊ. 1:18 ആ നാളിൽ കർത്താവിൽ നിന്നു കരുണ കണ്ടെത്തുവാൻ കർത്താവ് അവനെ ഇടയാക്കട്ടെ. എഫെസൊസിലും എത്രമാത്രം കാര്യങ്ങളിൽ അവൻ എന്നെ സേവിച്ചു എന്ന് നീ നന്നായി അറിയുന്നുവല്ലോ.

B. തിമൊഥെയൊസ്, സ്ഥലം സഭയ്ക്കുവേണ്ടി കരുതുന്നതിൽ മാത്രമല്ല, സഭയുടെ മോശമായിക്കൊണ്ടിരിക്കുന്ന അധഃപതനത്തെ അഭിമുഖീകരിക്കുന്നതിലും ദൈവവചനം ശുശ്രൂഷിക്കുവാൻ പൂർണമായി തികഞ്ഞവനാക്കപ്പെട്ടവനും സജ്ജനാക്കപ്പെട്ടവനുമായ ഒരുവനായിരുന്നു; എല്ലാ വിശുദ്ധന്മാരോടുംകൂടെ സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി കരുതുവാനും ക്രിസ്തുവിലുള്ള പൗലൊസിന്റെ വഴികളെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുവാനും അവൻ അപ്പൊസ്തലനായ പൗലോസിനോട് സമ-

ദേഹിയായിരുന്നു—3:13-17; ഫിലി. 2:19-22; 1 കൊരി. 4:17; 1 തിമൊ. 1:16; 4:12.

2 തിമൊ. 3:13 എന്നാൽ ദുഷ്ടമനുഷ്യരും കപടവേഷധാരികളും, വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ട് മേൽക്കുമേൽ വഷളാകും.

2 തിമൊ. 3:14 എന്നാൽ നീ പഠിച്ചതും നിശ്ചയം പ്രാപിച്ചതുമായ കാര്യങ്ങളിൽ തുടരുക, അവ ആരിൽനിന്നു നീ പഠിച്ചു എന്ന് അറിഞ്ഞുകൊണ്ട് തന്നെ,

2 തിമൊ. 3:15 ശൈശവം മുതൽ നീ പവിത്രമായ എഴുത്തുകൾ അറിഞ്ഞിരിക്കുന്നു, അവ നിന്നെ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലൂടെ രക്ഷയിങ്കലേക്ക് ജ്ഞാനമുള്ളവനാക്കുവാൻ പ്രാപ്തമാകുന്നു.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

ഫിലി. 2:19 എന്നാൽ നിങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ അറിഞ്ഞിട്ട് ഞാനും പ്രോത്സാഹിതനാകേണ്ടതിന്, തിമൊഥെയൊസിനെ വൈകാതെ നിങ്ങളുടെ അടുക്കൽ അയയ്ക്കുവാൻ കർത്താവായ യേശുവിൽ ആശിക്കുന്നു.

ഫിലി. 2:20 നിങ്ങളെ സംബന്ധിക്കുന്നതിൽ പരമാർഥമായി കരുതുവാൻ സമ-ദേഹിയുള്ളവനായി എനിക്ക് ആരുമില്ലല്ലോ;

ഫിലി. 2:21 ക്രിസ്തു യേശുവിന്റെ കാര്യങ്ങളല്ല സ്വന്തം കാര്യങ്ങളത്രേ എല്ലാവരും അന്വേഷിക്കുന്നത്.

ഫിലി. 2:22 എന്നാൽ ഒരു മകൻ അപ്പനോട് എന്നപോലെ സുവിശേഷത്തിങ്കലേക്ക് അവൻ എന്നോടുകൂടെ സേവിച്ചു എന്ന അവന്റെ അംഗീകാര്യതയെ നിങ്ങൾ അറിയുന്നുവല്ലോ.

1 കൊരി. 4:17 ഇതു നിമിത്തം ഞാൻ കർത്താവിൽ എന്റെ പ്രിയനും വിശ്വസ്തനുമായ മകൻ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു, എല്ലായിടത്തുമുള്ള എല്ലാ സഭയിലും ഞാൻ ഉപദേശിക്കുന്നതുപോലെ, അവൻ ക്രിസ്തുവിലുള്ള എന്റെ വഴികളെക്കുറിച്ച് നിങ്ങളെ ഓർമപ്പെടുത്തും.

1 തിമൊ. 1:16 എന്നാൽ നിത്യജീവങ്കലേക്ക് അവന്മേൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് ഒരു മാതൃകയ്ക്കായി യേശു ക്രിസ്തു തന്റെ സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ പ്രദർശിപ്പിക്കേണ്ടതിന് എന്നോടു കരുണ കാണിച്ചു.

1 തിമൊ. 4:12 ആരും നിന്റെ യൗവനത്തെ നിന്ദിക്കാതിരിക്കട്ടെ, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്ക് ഒരു മാതൃക ആയിരിക്കുക.

C. ലൂക്കൊസ്, പൗലൊസിന്റെ രക്തസാക്ഷിത്വം വരെ വിശ്വസ്ത സഹചാരിയായിരുന്ന, പ്രിയനായ വൈദ്യനായിരുന്നു—കൊലൊ. 4:14; ഫിലെ. 24; 2 തിമൊ. 4:11.

കൊലൊ. 4:14 പ്രിയ വൈദ്യനായ ലൂക്കൊസും ദേമാസും നിങ്ങളെ വന്ദനം

ചെയ്യുന്നു.

ഫിലേ. 1:24 അങ്ങനെതന്നെ എന്റെ കൂട്ടുവേലക്കാരായ മർക്കൊസും അരിസ്തർഹൊസും ദേമാസും ലൂക്കൊസും.

2 തിമൊ. 4:11 ലൂക്കൊസ് മാത്രമേ എന്നോടുകൂടെയുള്ളൂ. മർക്കൊസിനെ കൂട്ടിക്കൊണ്ട് വരുക, അവൻ എനിക്ക് ശുശ്രൂഷയ്ക്കു പ്രയോജനമുള്ളവനാകുന്നു.

D. തീത്തൊസ് സഭകൾക്കുവേണ്ടി കരുതുവാൻ പൗലൊസിന്റെ അതേ ആത്മാവിലും അതേ ചുവടുകളിലും നടന്നു—2 കൊരി. 7:6-7; 12:18; തീത്തൊ. 1:4-5; 3:12; cf. 2 തിമൊ. 4:10.

2 കൊരി. 7:6 എന്നാൽ ധൈര്യമറ്റവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം, തീത്തൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു;

2 കൊരി. 7:7 അവന്റെ വരവിനാൽ മാത്രമല്ല, നിങ്ങൾ നിമിത്തം അവന് ലഭിച്ച ആശ്വാസത്താലുമത്രേ, നിങ്ങളുടെ വാഞ്ഛയും, നിങ്ങളുടെ വിലാപവും, എനിക്കായുള്ള നിങ്ങളുടെ തീക്ഷ്ണതയും ഞങ്ങളോട് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അധികമായി സന്തോഷിച്ചു.

2 കൊരി. 12:18 ഞാൻ തീത്തൊസിനോട് അപേക്ഷിക്കുകയും അവനോടുകൂടെ ആ സഹോദരനെ അയയ്ക്കുകയും ചെയ്തു. തീത്തൊസ് നിങ്ങളെ മുതലെടുത്തിട്ടുണ്ടോ? ഞങ്ങൾ നടന്നത് ഒരേ ആത്മാവിൽ അല്ലയോ? ഒരേ കാൽച്ചുവടുകളിൽ അല്ലയോ?

തീത്തൊ. 1:4 പൊതുവിശ്വാസപ്രകാരം നിജ മകനായ തീത്തൊസിന്: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിൽനിന്നും കൃപയും സമാധാനവും ഉണ്ടാകട്ടെ.

തീത്തൊ. 1:5 ഞാൻ തുടങ്ങിവച്ചതിൽ ശേഷിക്കുന്ന കാര്യങ്ങളെ നീ ക്രമത്തിലാക്കേണ്ടതിനും, ഞാൻ നിന്നോടു നിർദേശിച്ചതുപോലെ ഓരോ പട്ടണത്തിലും മൂപ്പന്മാരെ നിയമിക്കേണ്ടതിനുമാകുന്നു ഞാൻ നിന്നെ ക്രേത്തയിൽ വിട്ടേച്ചുപോയത്.

തീത്തൊ. 3:12 ഞാൻ അർത്തെമാസിനെയോ തിഹിക്കൊസിനെയോ നിന്റെ അടുക്കൽ അയയ്ക്കുമ്പോൾ, നിക്കൊപ്പൊലിസിൽ എന്റെ അടുക്കൽ വരുവാൻ ശുഷ്കാന്തി കാട്ടുക, ശീതകാലം അവിടെ ചെലവഴിക്കുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു.

2 തിമൊ. 4:10 ദേമാസ് ഇപ്പോഴത്തെ യുഗത്തെ സ്നേഹിച്ചിട്ട്, എന്നെ ഉപേക്ഷിച്ച്, തെസ്സലൊനീക്യയിലേക്കു പോയി; ക്രേസ്കേസ് ഗലാത്യയിലേക്കും, തീത്തൊസ് ദല്മാത്യയിലേക്കും പോയി.

E. മർക്കൊസ് ശുശ്രൂഷയ്ക്കുവേണ്ടി പൗലൊസിന് ഉപയോഗപ്രദനായിരുന്നു—വാ. 11; cf. പ്രവൃ. 15:37.

2 തിമൊ. 4:11 ലൂക്കൊസ് മാത്രമേ എന്നോടുകൂടെയുള്ളൂ. മർക്കൊസിനെ കൂട്ടിക്കൊണ്ട് വരുക, അവൻ എനിക്ക് ശുശ്രൂഷയ്ക്കു പ്രയോജനമുള്ളവനാകുന്നു.

പ്രവൃ. 15:37 മർക്കൊസ് എന്നു വിളിക്കപ്പെട്ട യോഹന്നാനെയും അവരോടൊപ്പം കൊണ്ടുപോകുവാൻ ബർന്നബാസ് ഇച്ഛിച്ചു;

**II. കർത്താവിന്റെ വരവിനു മുമ്പുള്ള ഈ അവസാന നാളുകളിൽ, ഉപദേഷ്ടാക്കന്മാരും, പടയാളികളും, മത്സരിക്കുന്നവരും, കർഷകനും സത്യവചനത്തെ നേരേ മുറിക്കുന്ന വേലക്കാരുമായിരിക്കുവാൻ നാം ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടേണ്ടത് ആവശ്യമാണെന്ന്**

**തിമൊഥെയൊസ് രണ്ടാം ലേഖനം വെളിപ്പെടുത്തുന്നു—2:1-7, 15; നെഹ. 8:10; 2 കൊരി. 12:9:**

2 തിമൊ. 2:1 അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;

2 തിമൊ. 2:2 അനേകം സാക്ഷികളിലൂടെ എന്നിൽ നിന്ന് നീ കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക.

2 തിമൊ. 2:3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.

2 തിമൊ. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

2 തിമൊ. 2:5 മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല.

2 തിമൊ. 2:6 അധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്നു പങ്കു കൊള്ളുവാൻ.

2 തിമൊ. 2:7 ഞാൻ പറയുന്നത് കരുതിക്കൊള്ളുക, കർത്താവ് സകലത്തിലും നിനക്കു ഗ്രാഹ്യം നൽകും.

2 തിമൊ. 2:15 സത്യത്തിന്റെ വചനത്തെ നേരെ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളവനാകുക.

നെഹെ. 8:10 അനന്തരം അവർ അവരോടു: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടംകൂട്ടീട്ടില്ലാത്തവർക്കു പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന്നു വിശുദ്ധമാകുന്നു; നിങ്ങൾ ദുഃഖിക്കരുതു; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നു പറഞ്ഞു.

2 കൊരി. 12:9 അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

A. ഒരു സ്ഥലം സഭയിൽ ഒരുവന് കർത്താവിന്റെ പഥ്യവചനങ്ങളുടെ ഒരു നിക്ഷേപം ഉണ്ടെങ്കിൽ, മറ്റുള്ളവർക്കും കർത്താവിൽനിന്ന് നല്ലൊരു നിക്ഷേപം ഉണ്ടായിരിക്കുവാനും, അവർ നല്ല ഗൃഹവിചാരകന്മാരും, വിവിധ ദൈവകൃപ പകർന്നു നൽകുന്നവരുമായിരിക്കത്തക്കവണ്ണം മറ്റുള്ളവരെ പഠിപ്പിക്കുവാൻ പര്യാപ്തരായിരിക്കുകയും ചെയ്യേണ്ടതിന് വിശ്വസ്തരായവരെ അവൻ പരിശീലിപ്പിക്കണം—2 തിമൊ. 2:2; 1:12-14; 1 തിമൊ. 6:20; എഫെ. 3:2; 4:29; 1 പത്രൊ. 4:10:

2 തിമൊ. 2:2 അനേകം സാക്ഷികളിലൂടെ എന്നിൽ നിന്ന് നീ കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക.

2 തിമൊ. 1:12 ഇക്കാരണത്താൽ ഞാൻ ഈ കാര്യങ്ങൾ കഷ്ടം സഹിക്കുന്നു; എന്നാൽ ഞാൻ ലജ്ജിക്കുന്നില്ല, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു, ആ നാളിനായി എന്റെ നിക്ഷേപം കാക്കുവാൻ അവൻ കഴിവുള്ളവൻ എന്ന് എനിക്കു ബോധ്യമുണ്ട്.

2 തിമൊ. 1:13 ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും, എന്നിൽ

നിന്നു കേട്ട പഥ്യവചനങ്ങളുടെ മാതൃക പിടിച്ചുകൊള്ളുക.

2 തിമൊ. 1:14 നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് മുഖാന്തരം ആ നല്ല നിക്ഷേപം കാക്കുക.

1 തിമൊ. 6:20 അല്ലയോ തിമൊഥെയൊസേ, അശുദ്ധമായ വ്യർഥ ജൽപ്പനങ്ങളിൽ നിന്നും പരിജ്ഞാനമെന്ന് കളവായി പറയപ്പെടുന്ന എതിർപ്പുകളിൽ നിന്നും തിരിഞ്ഞുമാറി, നിക്ഷേപത്തെ കാക്കുക,

എഫെ. 3:2 നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ,

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

1. ദൈവത്തിന്റെ വ്യവസ്ഥയുടെ പഠിപ്പിക്കലിനാൽ നാം വിശുദ്ധന്മാരെ മേയ്ക്കണം—എഫെ. 4:11; കൊലൊ. 1:27-29; cf. 1 തിമൊ. 3:2; 4:11-16:

എഫെ. 4:11 അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,

കൊലൊ. 1:27 അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

കൊലൊ. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

കൊലൊ. 1:29 അതിനായി ഞാൻ എന്നിൽ ശക്തിയോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരത്തിനൊത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു.

1 തിമൊ. 3:2 മേൽവിചാരകൻ അനിന്ദ്യൻ ആയിരിക്കണം, ഏക ഭാര്യയുടെ ഭർത്താവ്, സംയമശീലൻ, സുബോധമുള്ളവൻ, ക്രമമുള്ളവൻ, അതിഥി പ്രിയൻ, ഉപദേശിക്കുവാൻ അനുയോജ്യൻ;

1 തിമൊ. 4:11 ഇവയെ ആജ്ഞാപിക്കുകയും ഉപദേശിക്കുകയും ചെയ്യുക.

1 തിമൊ. 4:12 ആരും നിന്റെ യൗവനത്തെ നിന്ദിക്കാതിരിക്കട്ടെ, വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമലതയിലും വിശ്വാസികൾക്ക് ഒരു മാതൃക ആയിരിക്കുക.

1 തിമൊ. 4:13 ഞാൻ വരുവോളം പരസ്യ വായനയിലും പ്രബോധനത്തിലും ഉപദേശത്തിലും ശ്രദ്ധകൊടുക്കുക.

1 തിമൊ. 4:14 മൂപ്പസംഘത്തിന്റെ കൈവയ്പിനാൽ പ്രവചനം മുഖാന്തരം നിനക്കു നൽകപ്പെട്ട, നിന്നിലുള്ള വരത്തെ അവഗണിക്കരുത്.

1 തിമൊ. 4:15 ഇവയെ അഭ്യസിക്കുക; നിന്റെ പുരോഗതി എല്ലാവർക്കും വെളിവാകേണ്ടതിന് അവയിൽ ആയിരിക്കുക.

1 തിമൊ. 4:16 നിന്നെത്തന്നെയും നിന്റെ ഉപദേശത്തെയും കരുതിക്കൊള്ളുക; ഇവയിൽ തുടരുക; ഇതു ചെയ്യുന്നതിൽ നീ നിന്നെത്തന്നെയും നിന്നെ കേൾക്കുന്നവരെയും രക്ഷിക്കും.

a. നാം ജനത്തെ പരിലാളിക്കുന്നതിന് യേശുവിന്റെ മനുഷ്യത്വത്തിലുള്ള ദിവ്യജീവൻ പകർന്നുകൊണ്ടും, അവരെ പോഷിപ്പിക്കുന്നതിന് ക്രിസ്തുവിന്റെ ദിവ്യത്വത്തിലുള്ള ദിവ്യ സത്യങ്ങൾ പഠിപ്പിച്ചുകൊണ്ടും അവരെ മേയ്ക്കണം— എഫെ. 5:29.

എഫെ. 5:29 ആരും തന്റെ സ്വന്തം ജഡത്തെ ഒരിക്കലും വെറുത്തിട്ടില്ല, ക്രിസ്തുവും സഭയോട് ചെയ്യുന്നതുപോലെ, അതിനെ പരിപോഷിപ്പിക്കുകയും പരിലാളിക്കുകയുമത്രേ ചെയ്യുന്നത്,

b. ദൈവത്തിന്റെ എല്ലാ ആലോചനകളും, ദൈവത്തിന്റെ വ്യവസ്ഥയും ദൈവത്തിന്റെ ആട്ടിൻകൂട്ടത്തോട് പ്രഖ്യാപിച്ചുകൊണ്ട് അവരെ മേയ്ക്കുന്നത്, ദൈവത്തിന്റെ കെട്ടിടം നശിപ്പിക്കുന്നവരിൽനിന്നും സഭയെ സംരക്ഷിക്കുകയും, കൃപയായ ത്രിയേക ദൈവവുമായി അവരെ ഇഴുകിച്ചേർക്കുകയും, അവന്റെ ഒരുമയിൽ അവരെ ബന്ധിപ്പിക്കുകയും ചെയ്യുന്നു—പ്രവൃ. 20: 26-30; എഫെ. 4:14; 1 തിമൊ. 1:3-4; റോമ. 16:17; cf. യെഹെ. 33:1-11; 34:25; സെഖ. 11:7.

പ്രവൃ. 20:26 അതുകൊണ്ട് എല്ലാ മനുഷ്യരുടെയും രക്തത്തിൽനിന്നു ഞാൻ വെടിപ്പുള്ളവനാകുന്നു എന്ന് ഞാൻ നിങ്ങളോട് ഈ ദിവസം സാക്ഷ്യപ്പെടുത്തുന്നു,

പ്രവൃ. 20:27 എന്തെന്നാൽ ദൈവത്തിന്റെ എല്ലാ ആലോചനയും നിങ്ങളോട് പ്രസ്താവിക്കുന്നതിൽനിന്നു ഞാൻ പിൻവലിഞ്ഞില്ല.

പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

പ്രവൃ. 20:29 എന്റെ വിയോഗത്തിനുശേഷം, ആട്ടിൻകൂട്ടത്തെ അവശേഷിപ്പിക്കാത്ത ഘോര ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടന്നുവരും എന്ന് ഞാൻ അറിയുന്നു.

പ്രവൃ. 20:30 ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിക്കുവാനായി വികടിപ്പിക്കുന്ന കാര്യങ്ങൾ സംസാരിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ നിന്നുതന്നെ മനുഷ്യർ എഴുന്നേൽക്കും.

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

1 തിമൊ. 1:3 ഞാൻ മക്കെദോന്യയിലേക്കു പോകുമ്പോൾ ചിലരോട് വ്യത്യസ്ത കാര്യങ്ങൾ ഉപദേശിക്കരുതെന്നും,

1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ

ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

റോമ. 16:17 സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിന് വിരുദ്ധമായി, വിഭാഗങ്ങളും ഇടർച്ചയ്ക്ക് കാരണങ്ങളും ഉണ്ടാക്കുന്നവരെ അടയാളപ്പെടുത്തുവാൻ ഞാൻ പ്രബോധിപ്പിക്കുന്നു, അവരിൽനിന്ന് തിരിഞ്ഞുമാറുവിൻ.

യെഹെ. 33:1 യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ;

യെഹെ. 33:2 മനുഷ്യപുത്രാ, നീ നിന്റെ സ്വജാതിക്കാരോടു പ്രവചിച്ചു പറയേണ്ടതു: ഞാൻ ഒരു ദേശത്തിന്റെ നേരെ വാൾ വരുത്തുമ്പോൾ, ആ ദേശത്തിലെ ജനം തങ്ങളുടെ കൂട്ടത്തിൽനിന്നു ഒരു പുരുഷനെ തിരഞ്ഞെടുത്തു കാവൽക്കാരനായി വെച്ചാൽ,

യെഹെ. 33:3 ദേശത്തിന്റെ നേരെ വാൾ വരുന്നതു കണ്ടിട്ടു അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ

യെഹെ. 33:4 ആരെങ്കിലും കാഹളനാദം കേട്ടു കരുതിക്കൊള്ളാതെ ഇരുന്നാൽ വാൾ വന്നു അവനെ ഛേദിച്ചുകളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നേ ഇരിക്കും.

യെഹെ. 33:5 അവൻ കാഹളനാദം കേട്ടിട്ടു കരുതിക്കൊണ്ടില്ല; അവന്റെ രക്തം അവന്റെമേൽ ഇരിക്കും; കരുതിക്കൊണ്ടിരുന്നുവെങ്കിൽ അവൻ തന്റെ പ്രാണനെ രക്ഷിക്കുമായിരുന്നു.

യെഹെ. 33:6 എന്നാൽ കാവൽക്കാരൻ വാൾ വരുന്നതു കണ്ടു കാഹളം ഊതാതെയും ജനം കരുതിക്കൊള്ളാതെയും ഇരുന്നിട്ടു വാൾ വന്നു അവരുടെ ഇടയിൽനിന്നു ഒരുത്തനെ ഛേദിച്ചുകളയുന്നു എങ്കിൽ, ഇവൻ തന്റെ അകൃത്യംനിമിത്തം ഛേദിക്കപ്പെട്ടുപോയി എങ്കിലും അവന്റെ രക്തം ഞാൻ കാവൽക്കാരനോടു ചോദിക്കും.

യെഹെ. 33:7 അതുപോലെ മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽഗൃഹത്തിന്നു കാവൽക്കാരനാക്കി വെച്ചിരിക്കുന്നു, നീ എന്റെ വായിൽനിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ ഓർമ്മപ്പെടുത്തേണം.

യെഹെ. 33:8 ഞാൻ ദുഷ്ടനോടു: ദുഷ്ടാ, നീ മരിക്കും എന്നു കല്പിക്കുമ്പോൾ ദുഷ്ടൻ തന്റെ വഴി വിട്ടുതിരിവാൻ കരുതിക്കൊള്ളത്തക്കവണ്ണം നീ അവനെ പ്രബോധിപ്പിക്കാതെയിരുന്നാൽ ദുഷ്ടൻ തന്റെ അകൃത്യംനിമിത്തം മരിക്കും; അവന്റെ രക്തമോ ഞാൻ നിന്നോടു ചോദിക്കും.

യെഹെ. 33:9 എന്നാൽ ദുഷ്ടൻ തന്റെ വഴി വിട്ടുതിരിയേണ്ടതിന്നു നീ അവനെ ഓർമ്മപ്പെടുത്തീട്ടും അവൻ തന്റെ വഴി

വിട്ടുതിരിയാഞ്ഞാൽ, അവൻ തന്റെ അകൃത്യംനിമിത്തം മരിക്കും; നീയോ, നിന്റെ പ്രാണനെ രക്ഷിച്ചിരിക്കുന്നു.

യെഹെ. 33:10 അതുകൊണ്ടു മനുഷ്യപുത്രാ, നീ യിസ്രായേൽഗൃഹത്തോടു പറയേണ്ടതു: ഞങ്ങളുടെ അതിക്രമങ്ങളും പാപങ്ങളും ഞങ്ങളുടെമേൽ ഇരിക്കുന്നു; അവയാൽ ഞങ്ങൾ ക്ഷയിച്ചുപോകുന്നു; ഞങ്ങൾ എങ്ങനെ ജീവിച്ചിരിക്കും എന്നു നിങ്ങൾ പറയുന്നു.

യെഹെ. 33:11 എന്നാണ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ടുതിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാടു; നിങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിവിൻ, തിരിവിൻ; യിസ്രായേൽഗൃഹമേ, നിങ്ങൾ എന്തിന്നു മരിക്കുന്നു എന്നു അവരോടു പറക.

യെഹെ. 34:25 ഞാൻ അവയോടു ഒരു സമാധാന നിയമം ചെയ്തു ദുഷ്ടമൃഗങ്ങളെ ദേശത്തുനിന്നു നീക്കിക്കളയും; അങ്ങനെ അവ മരുഭൂമിയിൽ നിർഭയമായി വസിക്കയും കാടുകളിൽ ഉറങ്ങുകയും ചെയ്യും.

സെഖ. 11:7 അങ്ങനെ അറുപ്പാനുള്ള ആടുകളെ, കൂട്ടത്തിൽ അരിഷ്ടത ഏറിയവയെ തന്നേ, മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ രണ്ടു കോൽ എടുത്തു ഒന്നിന്നു ഇമ്പം എന്നും മറ്റേതിന്നു ഒരുമ എന്നും പേരിട്ടു; അങ്ങനെ ഞാൻ ആടുകളെ മേയിച്ചുകൊണ്ടിരുന്നു.

2. ക്രിസ്തുയേശുവിന്റെ ഒരു നല്ല ശുശ്രൂഷകൻ എന്ന നിലയിൽ ഉപദേഷ്ടാവ് വിശ്വാസത്തിന്റെ വചനങ്ങളാൽ പോഷിപ്പിക്കപ്പെടുകയും സഭാജീവിതത്തിനുവേണ്ടി തന്റെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനെ ജീവിക്കുവാൻ തന്റെ ആത്മാവിനെ പ്രയോഗിക്കുകയും ചെയ്യുന്നു—1 തിമൊ. 4:6-7.

1 തിമൊ. 4:6 ഈ കാര്യങ്ങളെ നീ സഹോദരന്മാരുടെ മുമ്പാകെ വച്ചാൽ, വിശ്വാസത്തിന്റെയും നീ സൂക്ഷ്മമായി പിൻപറ്റിയ സദുപദേശത്തിന്റെയും വചനങ്ങളാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട്, നീ ക്രിസ്തു യേശുവിന്റെ നല്ല ശുശ്രൂഷകനാകും.

1 തിമൊ. 4:7 എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക.

B. പടയാളികളെന്ന നിലയിൽ അവരുടെ കർത്താവിനോടുള്ള സേവനം സൂചിപ്പിക്കുന്നത്, പൗരോഹിത്യസേവനം ഒരു സൈനികസേവനമായി, ഒരു യുദ്ധമായി, കണക്കാക്കപ്പെട്ടിരുന്നതുപോലെ, അപ്പൊസ്തലൻ അവരുടെ ശുശ്രൂഷയെ ക്രിസ്തുവിനു വേണ്ടിയുള്ള ഒരു യുദ്ധമായി കണക്കാക്കി എന്നാണ്—2 തിമൊ. 2:3-4; സംഖ്യ 4:23, 30, 35; 2 തിമൊ. 4:7:

2 തിമൊ. 2:3 ക്രിസ്തു യേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക.

2 തിമൊ. 2:4 സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ സ്വയം കുരുക്കുന്നില്ല.

സംഖ്യ. 4:23 മുപ്പതു വയസ്സുമുതൽ അമ്പതു വയസ്സുവരെ സമാഗമനകൂടാരത്തിൽ വേലചെയ്‌വാൻ സേവയിൽ പ്രവേശിക്കുന്ന എല്ലാവരെയും എണ്ണേണം.

സംഖ്യ. 4:30 മുപ്പതു വയസ്സുമുതൽ അമ്പതു വയസ്സുവരെ സമാഗമനകൂടാരത്തിലെ വേലചെയ്‌വാൻ സേവയിൽ പ്രവേശിക്കുന്ന എല്ലാവരെയും നീ എണ്ണേണം.

സംഖ്യ. 4:35 സമാഗമനകൂടാരത്തിൽ വേല ചെയ്‌വാൻ സേവയിൽ പ്രവേശിക്കുന്ന എല്ലാവരെയും കുടുംബംകുടുംബമായും കുലംകുലമായും എണ്ണി.

2 തിമൊ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

1. സൈന്യം യുദ്ധത്തിനു പോകാനുള്ള കാഹളം മുഴക്കുന്നതാണ് കർത്താവിന്റെ ശുശ്രൂഷ; നല്ലപോർ പൊരുതുകയെന്നാൽ ഭിന്നാഭിപ്രായക്കാരുടെ വ്യത്യസ്ത പഠിപ്പിക്കലുകൾക്കെതിരെ യുദ്ധം ചെയ്യുന്നതും അപ്പൊസ്തലന്മാരുടെ ശുശ്രൂഷയ്ക്കൊത്തവണ്ണം ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതുമാണ്—1 കൊരി. 14:8; 1 തിമൊ. 1:18; സംഖ്യ 10:9; ന്യായാ. 7:18.

   1 കൊരി. 14:8 അതുപോലെ കാഹളവും അവ്യക്തമായ നാദം നൽകിയാൽ, യുദ്ധത്തിനായി ആർ ഒരുങ്ങും?

   1 തിമൊ. 1:18 എന്റെ മകനായ തിമൊഥെയൊസേ, നിന്നെക്കുറിച്ച് മുമ്പ് നടത്തിയ പ്രവചനങ്ങൾക്കൊത്തവണ്ണം, ഞാൻ ഈ ആജ്ഞ നിന്നെ ഭരമേൽപ്പിക്കുന്നു, അവയാൽ നീ നല്ല യുദ്ധം പോരാടേണ്ടതിന്,

   സംഖ്യ. 10:9 നിങ്ങളുടെ ദേശത്തു നിങ്ങളെ ഞെരുക്കുന്ന ശത്രുവിന്റെ നേരെ നിങ്ങൾ യുദ്ധത്തിന്നു പോകുമ്പോൾ ഗംഭീരധ്വനിയായി കാഹളം ഊതേണം; എന്നാൽ നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ ഓർത്തു ശത്രുക്കളുടെ കയ്യിൽനിന്നു രക്ഷിക്കും.

   ന്യായാ. 7:18 ഞാനും എന്നോടുകൂടെയുള്ളവരും കാഹളം ഊതുമ്പോൾ നിങ്ങളും പാളയത്തിന്റെ ചുറ്റുംനിന്നു കാഹളം ഊതി: യഹോവയ്ക്കും ഗിദെയോന്നും വേണ്ടി എന്നു പറവിൻ.

2. ഈ ഭൂമിയിൽ കർത്താവിന്റെ താല്പര്യങ്ങൾക്കുവേണ്ടി ഒരു നല്ല പോർ പൊരുതുന്നതിന് നാം എല്ലാ ഭൗമിക കുരുക്കുകളും നീക്കിക്കളയുകയും നമ്മുടെ മനുഷ്യജീവനിൽ ആശ്രയിക്കാതെ നിത്യജീവനെ മുറുകെപ്പിടിക്കുകയും വേണം—2 തിമൊ. 4:7; 1 തിമൊ. 6:12; cf. 2 കൊരി. 5:4.

   2 തിമൊ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

   1 തിമൊ. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

   2 കൊരി. 5:4 കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു.

3. ജീവനിൽ വാഴുവാൻ ജീവൻ നിറഞ്ഞവരായിരുന്നുകൊണ്ട് ദൈവത്തിന്റെ ഒടുക്കത്തെ ശത്രുവായ മരണത്തിനെതിരെ യുദ്ധം ചെയ്യുവാൻ നാം

ജാഗ്രതയുള്ളവരായിരിക്കണം—സംഖ്യ. 6:6-7, 9; 2 കൊരി. 5:4; റോമ. 5:17; 8:6, 11.

സംഖ്യ. 6:6 അവൻ യഹോവെക്കു തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന കാലത്തൊക്കെയും ശവത്തിന്റെ അടുക്കൽ ചെല്ലരുതു;

സംഖ്യ. 6:7 അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരിൽ ആരെങ്കിലും മരിക്കുമ്പോൾ അവരാൽ അവൻ തന്നെത്താൻ അശുദ്ധനാകരുതു; അവന്റെ ദൈവത്തിന്റെ നാസീർവ്രതം അവന്റെ തലയിൽ ഇരിക്കുന്നു;

സംഖ്യ. 6:9 അവന്റെ അടുക്കൽവെച്ചു വല്ലവനും പെട്ടെന്നു മരിക്കയും അവന്റെ നാസീർവ്രതമുള്ള തലയെ അശുദ്ധമാക്കുകയും ചെയ്താൽ അവൻ തന്റെ ശുദ്ധീകരണദിവസത്തിൽ തല ക്ഷൌരം ചെയ്യേണം; ഏഴാം ദിവസം അവൻ ക്ഷൌരം ചെയ്യേണം.

2 കൊരി. 5:4 കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

4. ആത്മിക യുദ്ധത്തിനുള്ള ആയുധപ്പുരയായ ദാവീദിന്റെ ഗോപുരം പോലെയായിരിക്കുവാൻ നമ്മുടെ ഹിതം ക്രിസ്തുവിനാൽ കീഴടക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും വേണം—ഉത്തമ. 4:4; cf. 1 ദിന. 11:22.

ഉത്ത. 4:4 നിന്റെ കഴുത്തു ആയുധശാലയായി പണിതിരിക്കുന്ന ദാവീദിൻ ഗോപുരത്തോടു ഒക്കും; അതിൽ ആയിരം പരിച തൂക്കിയിരിക്കുന്നു; അവ ഒക്കെയും വീരന്മാരുടെ പരിച തന്നേ.

1 ദിന. 11:22 കബ്സേലിൽ ഒരു പരാക്രമശാലിയുടെ മകനായ യെഹോയാദയുടെ മകനായ ബെനായാവും വീര്യപ്രവൃത്തികൾ ചെയ്തു. അവൻ മോവാബിലെ അരീയേലിന്റെ രണ്ടു പുത്രന്മാരെ സംഹരിച്ചതല്ലാതെ ഹിമകാലത്തു ഒരു ഗുഹയിൽ ചെന്നു ഒരു സിംഹത്തെയും കൊന്നുകളഞ്ഞു.

C. ക്രിസ്തുവിനെ നമ്മുടെ സമ്മാനമായി നാം സ്വീകരിക്കത്തക്കവണ്ണം ദൈവത്തിന്റെ വ്യവസ്ഥയുടെ നിസ്തുലമായ ശുശ്രൂഷയിൽ നമ്മുടെ ശുശ്രൂഷ പൂർണ്ണമായി നിവർത്തിച്ചുകൊണ്ട്, നമ്മുടെ ഓട്ടം തികയ്ക്കുന്നതുവരെ

മത്സരികളായും കായികതാരങ്ങളായും നാം ക്രിസ്തീയ ഓട്ടം ഓടണം—2 തിമൊ. 2:5; 1 കൊരി. 9:25-27:

2 തിമൊ. 2:5 മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവനു കിരീടം ലഭിക്കുന്നില്ല.

1 കൊരി. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

1 കൊരി. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

1 കൊരി. 9:27 എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു.

1. നമ്മുടെ സ്വന്തം പ്രയത്നം കൊണ്ടല്ല, ആത്മാവിനാൽ നമ്മുടെ ശരീരത്തെ നാം കീഴടക്കുകയും നമ്മുടെ വിശുദ്ധ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടി ഒരു അടിമയായി നമ്മെ സേവിക്കുവാൻ അതിനെ ഒരു കീഴടക്കപ്പെട്ട തടവുകാരനാക്കുകയും വേണം— റോമ. 8:13.

   റോമ. 8:13 നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും.

2. അടുത്ത യുഗത്തിൽ താഴെപ്പറയുന്ന വശങ്ങളിൽ ക്രിസ്തുവിനെ നമ്മുടെ അക്ഷയമായ കിരീടമായി നാം പ്രതിഫലം പ്രാപിക്കത്തക്കവണ്ണം നമ്മുടെ ഓട്ടം തികയ്ക്കുന്നതിനായി പ്രിയനായ ക്രിസ്തുവിലുള്ള (എഫെ. 1:6) അവന്റെ കൃപയാൽ നാം കൃപ പ്രാപിക്കുവാൻ നാം കർത്താവിലേക്കു നോക്കണം (1 കൊരി. 9:24-27):

   എഫെ. 1:6 പ്രിയനിൽ അവൻ നമുക്ക് കൃപ ചൊരിഞ്ഞ തന്റെ, കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി തന്നെ.

   1 കൊരി. 9:24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നെങ്കിലും ഒരുവനേ സമ്മാനം ലഭിക്കുന്നുള്ളൂ എന്ന് നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ.

   1 കൊരി. 9:25 മത്സരിക്കുന്ന ഏവനും സകല കാര്യങ്ങളിലും ആത്മനിയന്ത്രണം അഭ്യസിക്കുന്നു; അവർക്ക് നശ്വരമായ കിരീടവും, നമുക്ക് അനശ്വരമായതും ലഭിക്കേണ്ടതിനു തന്നെ.

   1 കൊരി. 9:26 അതുകൊണ്ട് വ്യക്തമായ ലക്ഷ്യം ഇല്ലാത്തവനെപ്പോലെ അല്ല ഞാൻ ഓടുന്നത്; വായുവിനെ അടിക്കുന്നതു പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്;

   1 കൊരി. 9:27 എന്നാൽ മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഒരുപക്ഷേ ഞാൻതന്നെ നിരാകരിക്കപ്പെട്ടവൻ ആയിത്തീരാതിരിക്കേണ്ടതിന്, ഞാൻ എന്റെ ശരീരത്തെ പ്രഹരമേൽപ്പിച്ച് അതിനെ എന്റെ അടിമയാക്കുന്നു.

   a. അവൻ നമ്മുടെ ജീവകിരീടമായിരിക്കും—വെളി. 2:10; യാക്കോ. 1:12.

      വെളി. 2:10 നീ സഹിക്കുവാൻ പോകുന്ന കാര്യങ്ങളെ ഭയപ്പെടരുത്. ഇതാ, നിങ്ങളെ ശോധന ചെയ്യേണ്ടതിന് നിങ്ങളിൽ ചിലരെ പിശാച് കാരാഗൃഹത്തിലേക്ക് എറിയുവാൻ പോകുന്നു,

പത്തു നാൾ നിങ്ങൾക്കു പീഡയുണ്ടാകും. മരണത്തോളം വിശ്വസ്തനായിരിക്കുക, ഞാൻ ജീവകിരീടം നിനക്കു തരും.

യാക്കോ. 1:12 പരീക്ഷ സഹിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ, എന്തുകൊണ്ടെന്നാൽ അവൻ ശോധനയാൽ അംഗീകൃതനായിത്തീരുമ്പോൾ, കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത, ജീവകിരീടം പ്രാപിക്കും.

b. അവൻ നമ്മുടെ നീതിയുടെ കിരീടമായിരിക്കും—2 തിമൊ. 4:6-8.

2 തിമൊ. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

2 തിമൊ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

2 തിമൊ. 4:8 ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ.

c. അവൻ നമ്മുടെ വിശുദ്ധിയുടെ കിരീടമായിരിക്കും—പുറ. 28:36-38; 29:6; cf. 1 പത്രൊ. 1:15-16; എഫെ. 5:26.

പുറ. 28:36 തങ്കംകൊണ്ടു ഒരു പട്ടം ഉണ്ടാക്കി അതിൽ “യഹോവെക്കു വിശുദ്ധം” എന്നു മുദ്രക്കൊത്തായി കൊത്തേണം.

പുറ. 28:37 അതു മുടിമേൽ ഇരിക്കേണ്ടതിന്നു നീലച്ചരടുകൊണ്ടു കെട്ടേണം; അതു മുടിയുടെ മുൻഭാഗത്തു ഇരിക്കേണം.

പുറ. 28:38 യിസ്രായേൽമക്കൾ തങ്ങളുടെ സകല വിശുദ്ധ വഴിപാടുകളിലും ശുദ്ധീകരിക്കുന്ന വിശുദ്ധവസ്തുക്കളുടെ കുറ്റം അഹരോൻ വഹിക്കേണ്ടതിന്നു അതു അഹരോന്റെ നെറ്റിയിൽ ഇരിക്കേണം; യഹോവയുടെ മുമ്പാകെ അവർക്കു പ്രസാദം ലഭിക്കേണ്ടതിന്നു അതു എപ്പോഴും അവന്റെ നെറ്റിയിൽ ഇരിക്കേണം.

പുറ. 29:6 അവന്റെ തലയിൽ മുടി വെച്ചു വിശുദ്ധപട്ടം മുടിമേൽ വെക്കേണം.

1 പത്രൊ. 1:15 നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.

1 പത്രൊ. 1:16 എന്തുകൊണ്ടെന്നാൽ “ഞാൻ വിശുദ്ധനാകുന്നതുകൊണ്ട് നിങ്ങളും വിശുദ്ധരാകണം” എന്ന് എഴുതിയിരിക്കുന്നുവല്ലോ.

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

d. അവൻ നമ്മുടെ തേജസ്സിന്റെ കിരീടമായിരിക്കും—1 പത്രൊ. 5:4.

1 പത്രൊ. 5:4 മുഖ്യ ഇടയൻ വെളിവാകുമ്പോൾ, നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം കൈക്കൊള്ളും.

e. ദൈവത്തിന്റെ വിവിധങ്ങളായ ജ്ഞാനമായ അവനെ സർവപ്രപഞ്ചത്തിനും നാം പ്രദർശിപ്പിക്കുന്നതിനായി, അവൻ നമ്മുടെ നീതിയും, വിശുദ്ധിയും, തേജസ്സും ആയിത്തീരേണ്ടതിന് ജീവവൃക്ഷമായ ക്രിസ്തുവിനെ നാം ഭക്ഷിക്കുമ്പോൾ, വീണുപോയ

മനുഷ്യനിൽനിന്നും ജീവവൃക്ഷത്തെ കാവൽചെയ്ത ദൈവത്തിന്റെ അതേ സദ്ഗുണങ്ങൾ ഇപ്പോൾ നമ്മിലേക്ക് പകരപ്പെടുന്നു—വെളി. 2:7; ഉല്പ. 3:24; 1 കൊരി. 1:30; എഫെ. 2:10; 3:10.

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

ഉൽ. 3:24 ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ അവൻ ഏദെൻ തോട്ടത്തിന്നു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

എഫെ. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

എഫെ. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും,

D. സഭ ദൈവത്തിന്റെ കൃഷിഭൂമിയായ ദൈവത്തിന്റെ കൃഷിയിടവും, നാം സർവാനുയോജ്യമായ ജീവനാൽ ജനത്തിലേക്ക് ജീവന്റെ വിത്ത് വിതയ്ക്കുവാനും അവന്റെ പഥ്യവചനത്താൽ ജീവന്റെ ആത്മാവിനെക്കൊണ്ട് അവരെ നനയ്ക്കുവാനും അവനോടുകൂടെ കൃഷിക്കാരായി ഒരുമിച്ച് പ്രവർത്തിക്കുന്ന ദൈവത്തിന്റെ സഹപ്രവർത്തകരുമാണ്—2 തിമൊ. 2:6; 1 കൊരി. 3:6, 9; 2 കൊരി. 6:1; ലൂക്കൊ. 8:11; യോഹ. 7:38; 6:63:

2 തിമൊ. 2:6 അധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്നു പങ്കു കൊള്ളുവാൻ.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

2 കൊരി. 6:1a അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്,...

ലൂക്കൊ. 8:11 ഉപമ ഇതാകുന്നു: വിത്ത് ദൈവവചനം.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 6:63 ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു.

1. നമ്മെ പോഷിപ്പിക്കുവാൻ ഒരു ഗോതമ്പുമണിയെന്ന നിലയിൽ ദൈവത്തിന്റെ വചനം നമ്മിലേക്ക് ദൈവത്തെ ജീവനായി പകരുന്നു; അത് നമ്മെ ശുദ്ധീകരിക്കുന്നതിനുള്ള തീയും, നമ്മുടെ സ്വയത്തെയും,

നമ്മുടെ സ്വാഭാവിക ജീവനെയും, നമ്മുടെ ജഡത്തെയും, നമ്മുടെ മോഹങ്ങളെയും നമ്മുടെ ധാരണകളെയും തകർക്കുന്നതിനുള്ള ചുറ്റികയുമാണ്—യിരെ. 23:28-29.

യിരെ. 23:28 സ്വപ്നംകണ്ട പ്രവാചകൻ സ്വപ്നം വിവരിക്കട്ടെ; എന്റെ വചനം ലഭിച്ചിരിക്കുന്നവൻ എന്റെ വചനം വിശ്വസ്തതയോടെ പ്രസ്താവിക്കട്ടെ; വൈക്കോലും കോതമ്പും തമ്മിൽ ഒക്കുമോ എന്നു യഹോവയുടെ അരുളപ്പാടു.

യിരെ. 23:29 എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്നു യഹോവയുടെ അരുളപ്പാടു.

2. തന്റെ ജനത്തെ വിശുദ്ധീകരിക്കുവാനും അവരെ രൂപാന്തരപ്പെടുത്തുവാനും ശരീരം പണിയപ്പെടേണ്ടതിന് അവന്റെ സ്വരൂപത്തോട് അവരെ അനുരൂപപ്പെടുത്തുന്നതിന് അവരെ നനയ്ക്കുവാൻ ദൈവം മഴയായും മഞ്ഞായും തന്റെ വചനം അയച്ചിരിക്കുന്നു—യെശ. 55:8-11; യോഹ. 17:17; എഫെ. 5:26.

യെശ. 55:8 എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

യെശ. 55:9 ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു.

യെശ. 55:10 മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും അവിടേക്കു മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനെച്ചു ഫലവത്താക്കി വിളയിക്കുന്നതുപോലെ

യെശ. 55:11 എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.

യോഹ. 17:17 സത്യത്തിൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു.

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

3. വിശുദ്ധന്മാരുമായുള്ള നമ്മുടെ സമ്പർക്കത്തിൽ, നമുക്ക് ഒരേയൊരു ലക്ഷ്യമേ ഉണ്ടായിരിക്കാവൂ—അവർ കർത്താവിൽ വളരേണ്ടതിന് ക്രിസ്തുവിനെ അവർക്ക് ശുശ്രൂഷിക്കുക—1 തിമൊ. 5:1-2.

1 തിമൊ. 5:1 പ്രായമേറിയവനെ ഭർത്സിക്കരുത്, അവനെ അപ്പനെപ്പോലെയും, ഇളയവരെ സഹോദരന്മാരെപ്പോലെയും,

1 തിമൊ. 5:2 പ്രായമേറിയ സ്ത്രീകളെ അമ്മമാരെപ്പോലെയും, ഇളയ സ്ത്രീകളെ സകല നിർമലതയിൽ സഹോദരിമാരെപ്പോലെയും പ്രബോധിപ്പിക്കുക.

E. ദൈവത്തിന്റെ വേലക്കാരെന്ന നിലയിൽ സത്യവചനത്തെ നേരേ മുറിക്കുക എന്നതിനർത്ഥം, ദൈവവചനത്തെ അതിന്റെ വിവിധ ഭാഗങ്ങളിൽ ശരിയായും നേരേയും യാതൊരു വളച്ചൊടിക്കലുമില്ലാതെ (ആശാരിപ്പണിയിലെന്നപോലെ) വെളിപ്പെടുത്തുക എന്നാണ്; ഇരുളാക്കപ്പെട്ട ജനത്തെ പ്രകാശിപ്പിക്കുന്നതിനും, വിഷത്തിനെതിരെ

കുത്തിവയ്ക്കുന്നതിനും, മരണത്തെ വിഴുങ്ങുന്നതിനും, വ്യതിചലിച്ചുപോയവരെ ശരിയായ പാതയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനും സത്യവചനത്തിന്റെ ആവശ്യമുണ്ട്—2 തിമൊ. 2:15; cf. പ്രവൃ. 26:18; സങ്കീ. 119:130.

2 തിമൊ. 2:15 സത്യത്തിന്റെ വചനത്തെ നേരെ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളവനാകുക.

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

സങ്കീ. 119:130 നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു; അതു അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു.

**ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:**

**കുത്തിവയ്ക്കുന്നവൻ**

2 തിമൊഥെയൊസിന്റെ വിഷയം സഭയുടെ അധഃപതനത്തിനെതിരായ കുത്തിവയ്പാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഈ ദൂതിൽ, 2:1-15-ൽ കുത്തിവയ്ക്കുന്നവന് നൽകിയിരിക്കുന്ന അഞ്ചു പ്രത്യേക ശീർഷകങ്ങൾ നാം പരിഗണിക്കും. ഒരു ഉപദേഷ്ടാവ്, ഒരു പടയാളി, ഒരു മത്സരാർത്ഥി (ഒരു കായികതാരം), ഒരു കർഷകൻ, ഒരു വേലക്കാരൻ എന്നിവയാണ് ഈ ശീർഷകങ്ങൾ. ഈ വാക്യങ്ങൾ നാം ശ്രദ്ധാപൂർവം വായിച്ചാൽ, പൗലൊസ് തിമൊഥെയൊസിനെയും അവന്റെ മറ്റ് കൂട്ടുവേലക്കാരെയും അധ്യാപകരും പടയാളികളും മത്സരാർത്ഥികളും കർഷകരും വേലക്കാരുമായി കണക്കാക്കിയെന്നു നാം കാണും.

**ഒരു ഉപദേഷ്ടാവ്**

2:1-ൽ പൗലൊസ് പറയുന്നു, "അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക." *അതുകൊണ്ട്* എന്ന വാക്ക് ഒന്നാം അധ്യായത്തെ പരാമർശിക്കുന്നു. 2:1-ലെ പൗലൊസിന്റെ പ്രബോധനം മുൻ അധ്യായത്തിൽ പരാമർശിച്ചതിന്റെ വീക്ഷണത്തിലാണ്. താൻ ഇപ്പോൾ തിമൊഥെയൊസിന് എഴുതിയതിനെ അടിസ്ഥാനമാക്കി, ക്രിസ്തുയേശുവിലുള്ള കൃപയിൽ ശക്തനാക്കപ്പെടുവാൻ പൗലൊസ് അവനെ പ്രോത്സാഹിപ്പിക്കുന്നു. ഇവിടെ അറിവിലോ വരങ്ങളിലോ ശാക്തിപ്പെടുവാൻ പൗലൊസ് തിമൊഥെയൊസിനോട് ആജ്ഞാപിച്ചില്ല. കൃപയിൽ ശക്തിപ്പെടുവാൻ അവൻ അവനോട് ആജ്ഞാപിച്ചു. അപ്പൊസ്തലൻതന്നെ ജീവനിൽ കൃപയിലുള്ള ശക്തിപ്പെടൽ അനുഭവിച്ചിട്ടുണ്ട് (1:9-12). ഇപ്പോൾ അതേ കൃപയിൽ ശക്തിപ്പെടുവാൻ അവൻ തിമൊഥെയൊസിനെ പ്രബോധിപ്പിച്ചു. അവന്റെ ഉദ്ദേശ്യം നാം ജീവിച്ചു വെളിപ്പെടുത്തേണ്ടതിന് നമുക്കു നൽകപ്പെട്ട ജീവനിലുള്ള കരുതലാണ് ഈ കൃപ. നിരുത്സാഹപ്പെടുന്നതിനുപകരം, പൗലൊസ് തടവിലായിരുന്നിട്ടുപോലും താൻ കൃപയിൽ ശക്തിപ്പെട്ടു. കൃപ എന്നത് പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തേക്കാൾ—പുത്രനിൽ ദേഹരൂപമെടുത്ത പിതാവും, ഉൾവസിക്കുന്ന ആത്മാവായി സാക്ഷാൽക്കരിക്കപ്പെട്ട പുത്രനും—ഒട്ടും കുറഞ്ഞതല്ലെന്ന് അവൻ മനസ്സിലാക്കിയിരുന്നു. കൃപ ത്രിയേകദൈവം തന്നെയാണെന്ന് 2 കൊരിന്ത്യർ 13:14 സൂചിപ്പിക്കുന്നു: "കർത്താവായ

യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കട്ടെ." കൃപ ഒരു വസ്തുവല്ല; അത് ഒരു നിസ്തുലനായ വ്യക്തി, സർവവും-ഉൾക്കൊള്ളുന്ന, ജീവൻ-നൽകുന്ന, ഉൾവസിക്കുന്ന ആത്മാവായിരിക്കുവാൻ പ്രക്രിയാവിധേയനായ ത്രിയേകദൈവം എന്ന ജീവിക്കുന്നവനും ദിവ്യനുമായ വ്യക്തി, ആണ്. ഈ ആത്മാവ് ഇപ്പോൾ നമ്മുടെ കൃപയായി നമ്മിൽ വസിക്കുന്നു. നമ്മുടെ ആസ്വാദനമായിരിക്കുവാൻ പ്രക്രിയാവിധേയനായ ഉൾവസിക്കുന്ന ത്രിയേകദൈവത്തിലുള്ള ഈ കൃപയിൽ നമുക്കെല്ലാവർക്കും ശക്തിപ്പെടുവാൻ കഴിയും.

ഈ കൃപയിൽ നാം എത്രത്തോളം ശക്തിപ്പെടുന്നുവോ അത്രയധികം മറ്റുള്ളവരെ പഠിപ്പിക്കുവാൻ നാം പ്രാപ്തരായിരിക്കും. അങ്ങനെ, 2 തിമൊഥെയൊസ് 2:2 ൽ പൗലൊസ് തുടർന്നു പറയുന്നു, "അനേകം സാക്ഷികളിലൂടെ എന്നിൽനിന്ന് കേട്ട കാര്യങ്ങൾ മറ്റുള്ളവരെ ഉപദേശിക്കുവാൻ പര്യാപ്തരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്കുക." പൗലൊസ് ഇവിടെ പരാമർശിക്കുന്ന കാര്യങ്ങൾ 1:13-ലെ പഥ്യവചനങ്ങളാണ്. വിശ്വസ്ത മനുഷ്യരെ ഭരമേല്പിച്ച ശേഷം, പഥ്യവചനങ്ങൾ അവരിൽ നല്ല നിക്ഷേപമായിത്തീരുന്നു (വാ. 14). ഒരു സ്ഥലം സഭയിൽ ആർക്കെങ്കിലും കർത്താവിന്റെ പഥ്യവചനങ്ങളുടെ ഒരു നിക്ഷേപമുണ്ടെങ്കിൽ, അവൻ വിശ്വസ്തരെ, വിശ്വാസയോഗ്യരെ, പരിശീലിപ്പിക്കണം; അങ്ങനെ അവർക്കും കർത്താവിൽനിന്നുള്ള ഒരു നല്ല നിക്ഷേപം ഉണ്ടായിരിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുവാൻ പ്രാപ്തരായിരിക്കുകയും ചെയ്യും.

തിമൊഥെയൊസ് ഒരു നല്ല നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെന്ന്, കൃപാധനത്താൽ അവൻ പഠിപ്പിക്കപ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് പൗലൊസ് മനസ്സിലാക്കി. അതുകൊണ്ട്, അതേ ശുശ്രൂഷ നിർവഹിക്കുവാൻ വിശ്വസ്തരും പ്രാപ്തരുമായ മറ്റുള്ളവരോട് ഈ കാര്യങ്ങൾ ഭരമേല്പിക്കുവാൻ അവൻ തിമൊഥെയൊസിനോട് ആജ്ഞാപിച്ചു. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ സമ്പത്ത് മുന്നോട്ട് കൊണ്ടുപോകുവാൻ ഒന്നിലധികം ആളുകൾ ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ എല്ലാ ജീവപഠന ദൂതുകളിലൂടെയും കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള ആയിരക്കണക്കിന് വിശുദ്ധന്മാർക്ക് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയെ സംബന്ധിച്ച കൃപയുടെ സമ്പത്തിന്റെ നല്ല നിക്ഷേപം ലഭിക്കുമെന്നാണ് എന്റെ പ്രത്യാശ. അപ്പോൾ ഈ സമ്പത്ത് ലഭിച്ചവർ ഈ കാര്യങ്ങൾ മറ്റുള്ളവരെ ഭരമേല്പിക്കവാൻ പ്രാപ്തരായിരിക്കും. തന്റെ വ്യവസ്ഥയുടെ സമ്പത്ത് ഭൂമിയിലുടനീളം വ്യാപിപ്പിച്ചുകൊണ്ട് കർത്താവിന്റെ നല്ല നിക്ഷേപംകൊണ്ടു നിറഞ്ഞ പതിനായിരം വിശുദ്ധന്മാർ ഉണ്ടായിരുന്നെങ്കിലുള്ള സ്ഥിതി എന്തായിരിക്കുമെന്ന് സങ്കല്പിക്കുക. ഇത് അവന്റെ തേജസ്സുള്ള പ്രത്യക്ഷതയുടെ സമയം വേഗത്തിലാക്കുമെന്നതിന് സംശയമില്ല.

ഒരു ദൈവവും, ഒരു ക്രിസ്തുവും, ഒരു ആത്മാവും, ഒരു സഭയും ഉണ്ട്. ദൈവം ഏകനായതുകൊണ്ട്, അവന്റെ വഴിയും ഒന്നായിരിക്കണം. കത്തോലിക്കാ മതത്തിലോ സഭാവിഭാഗങ്ങളിലോ കരിസ്മാറ്റിക് പ്രസ്ഥാനത്തിലോ ഈ വഴി കണ്ടെത്താനാകുമോ? നിശ്ചയമായും ഇല്ല! ദൈവത്തിന്റെ നിസ്തുലമായ വഴി സ്വതന്ത്ര ക്രിസ്ത്യൻ ഗ്രൂപ്പുകൾക്കിടയിലും കണ്ടെത്താനാവില്ല. ദൈവത്തിന്റെ വഴി അവന്റെ പ്രത്യുദ്ധാരത്തിലാണ്. വാസ്തവത്തിൽ, പ്രത്യുദ്ധാരം എന്നത് നിസ്തുലമായ വഴിയുടെ പ്രത്യുദ്ധാരമാണ്. വിശുദ്ധന്മാർ ഇന്ന് പ്രത്യുദ്ധാരത്തിന്റെ വഴി എടുക്കുന്നില്ലെങ്കിൽ, അവർക്ക് മറ്റ് മാർഗമൊന്നുമില്ലെന്ന് പല വിശുദ്ധന്മാർക്കും അവരുടെ ഉള്ളിന്റെ ആഴങ്ങളിൽനിന്ന് ശുദ്ധമനഃസ്സാക്ഷിയോടെ സാക്ഷ്യപ്പെടുത്തുവാൻ കഴിയും. കർത്താവിന്റെ പ്രത്യുദ്ധാരമാണ് വഴി. ഞാൻ ഇത് പറയുന്നത് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഞാൻ അവനാൽ

ഉപയോഗിക്കപ്പെടുന്നതുകൊണ്ടല്ല, മറിച്ച് അത് ഒരു വസ്തുതയായതുകൊണ്ടാണ്. വിയോജിക്കുകയും വിട്ടുപോകുകയും ചെയ്തവരായ ചിലർ തങ്ങൾക്ക് സംഘടനകളിലേക്ക് മടങ്ങിപ്പോകുവാൻ വഴിയില്ലെന്ന് കണ്ടെത്തി. ചില സന്ദർഭങ്ങളിൽ സംഘടനകൾ അവരെ സ്വീകരിക്കുവാൻപോലും തയ്യാറായില്ല. നാം പ്രത്യുദ്ധാരത്തെ സ്പർശിക്കുകയും പിന്നീട് അതിനെ ഉപേക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം ആത്മിക ആത്മഹത്യ ചെയ്യുന്നുവെന്ന് ഇതു കാണിക്കുന്നു, കാരണം നാം ദൈവത്തിന്റെ നിസ്തുലമായ വഴിയിൽനിന്ന് തിരിഞ്ഞുകളയുന്നു.

ഇങ്ങനെയുള്ള നല്ലൊരു നിക്ഷേപം സ്വീകരിച്ചിരുന്ന തിമൊഥെയൊസിനോട് കൃപയുടെ സമ്പത്ത് മറ്റുള്ളവർക്ക് കൈമാറുന്നതിന് തിമൊഥെയൊസിനോട് ആജ്ഞാപിക്കുവാൻ 2:1-ലും 2-ലും പൗലൊസ് ഭാരപ്പെട്ടു. അപ്പോൾ ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ സമ്പത്ത് പ്രചരിപ്പിക്കുവാൻ അനേകം ഉപദേഷ്ടാക്കന്മാർ, ക്രിസ്തുവിന്റെ അനേകം ശുശ്രൂഷകന്മാർ ഉണ്ടായിരിക്കും.

## ഒരു പടയാളി

വാക്യം 3-ൽ പൗലൊസ് തുടർന്നു പറയുന്നു, "ക്രിസ്തുയേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ തിന്മ സഹിക്കുക." സംഖ്യാപുസ്തകം 4:23, 30, 35 എന്നിവയിൽ (അക്ഷരീയമായി) പൗരോഹിത്യ സേവനത്തെ ഒരു സൈനിക സേവനമായി, ഒരു യുദ്ധമായി, കണക്കാക്കിയിരുന്നതുപോലെ, അപ്പൊസ്തലൻ അവരുടെ ശുശ്രൂഷയെ ക്രിസ്തുവിനു വേണ്ടിയുള്ള യുദ്ധമായി കണക്കാക്കി. നാം ക്രിസ്തുവിനെ മറ്റുള്ളവർക്ക് ശുശ്രൂഷിക്കുമ്പോഴെല്ലാം, നാം നമ്മെത്തന്നെ ഒരു യുദ്ധത്തിൽ കണ്ടെത്തുന്നു. തന്മൂലം, നാം മറ്റുള്ളവർക്ക് നിക്ഷേപം ഭരമേല്പിക്കുന്ന ഉപദേഷ്ടാക്കന്മാരായിരിക്കുക മാത്രമല്ല, ദൈവത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി പോരാടുന്ന പടയാളികളായിരിക്കുകയും വേണം.

2 തിമൊഥെയൊസ് 2:4 പറയുന്നു, "സൈനികനായി സേവനം അനുഷ്ഠിക്കുന്ന ആരും സേനയിൽ ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് ഈ ജീവിതത്തിന്റെ കാര്യങ്ങളിൽ ഇടപെടുന്നില്ല." ഇവിടെ യവനഭാഷയിൽ *ജീവിതം* എന്ന പദം, ഈ യുഗത്തിലെ ഭൗതിക ജീവിതത്തെ സൂചിപ്പിക്കുന്ന *ബയോസ്* ആണ്. കർത്താവിന്റെ ഈ ഭൂമിയിലെ താല്പര്യങ്ങൾക്കുവേണ്ടി ഒരു നല്ല പോർ പൊരുതുന്നതിന് (4:7) നാം എല്ലാ ഭൗമിക കുരുക്കുകളെയും നീക്കിക്കളയണം. ക്രിസ്തുവിനെ മറ്റുള്ളവർക്ക് ശുശ്രൂഷിക്കുവാൻ നാം പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ ഭൗതികവും ശാരീരികവുമായ ജീവിത കാര്യങ്ങൾ നമ്മെ കുരുക്കരുത്. ഈ ശുശ്രൂഷ ഒരു പോരാട്ടമാണ്, നാം കുരുക്കുകളിൽനിന്നും സ്വതന്ത്രരായിരിക്കുവാൻ പോരാട്ടം ആവശ്യപ്പെടുന്നു. ഒരു വശത്ത്, പൗരോഹിത്യ സേവനം ദൈവത്തോടുള്ള ഒരു ശുശ്രൂഷയാണ്; മറുവശത്ത്, അത് ദൈവത്തിന്റെ ശത്രുക്കൾക്കെതിരായ ഒരു യുദ്ധമാണ്. പുരോഹിതന്മാർ സാക്ഷ്യപെട്ടകം ചുമക്കുകയായിരുന്നപ്പോൾ ഈ സാക്ഷ്യത്തെ ആക്രമിക്കുവാൻ സാധ്യതയുള്ളവർക്കെതിരെ പോരാടുവാൻ അവർ ഒരുക്കമുള്ളവരായിരിക്കണമായിരുന്നു.

## ഒരു മത്സരാർഥി

2:5-ൽ പൗലൊസ് തിമൊഥെയൊസിനെ കളികളിൽ മത്സരിക്കുന്ന ഒരു കായികതാരത്തോട് ഉപമിക്കുന്നു: "മത്സരങ്ങളിൽ മത്സരിക്കുന്നവൻ നിയമപ്രകാരം മത്സരിക്കുന്നില്ലെങ്കിൽ അവന് കിരീടം ലഭിക്കുന്നില്ല." ഉപദേഷ്ടാവും, പടയാളിയും ആയിരിക്കുമ്പോൾത്തന്നെ തിമൊഥെയൊസ് ഒരു കായികതാരവും ആയിരിക്കണമായിരുന്നു. ഒരു സൈനികൻ വിജയം നേടുവാൻ പോരാടണം, അതേസമയം ഒരു കായികതാരം കിരീടം ലഭിക്കുവാൻ നിയമപരമായി മത്സരിക്കണം.

ഓട്ടമത്സരത്തിൽ ഒരു ഓട്ടക്കാരൻ വേഗത്തിൽ ഓടുന്നത് പ്രധാനമാണ്. അവൻ ക്ഷമ പ്രയോഗിക്കേണ്ട സമയമല്ല അത്. കഴിഞ്ഞ ഒരു ദൂതിൽ, കാത്തിരിക്കുവാനും

പ്രാർഥിക്കുവാനും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിച്ചു. എന്നാൽ കിരീടം നേടവാനുള്ള ഓട്ടമത്സരത്തിലേക്കു വരുമ്പോൾ നാം കാത്തിരിക്കരുത്. നേരെമറിച്ച്, ലക്ഷ്യത്തിലെത്തുവാൻ നാം ഓടണം.

**ഒരു കർഷകൻ**

വാക്യം 6 തുടരുന്നു, "അദ്ധ്വാനിക്കുന്ന കർഷകൻ വേണം ആദ്യം ഫലത്തിൽനിന്ന് പങ്കുകൊള്ളുവാൻ." ഇവിടെ തിമൊഥെയൊസിനെ പൗലൊസ് ഒരു കർഷകനോട് ഉപമിക്കുന്നു. ഒരു സൈനികൻ വിജയം വരിക്കുകയും ഒരു കായികതാരം കിരീടം നേടുകയും ചെയ്യണമെന്നപോലെ, ഒരു കർഷകൻ ഫലത്തിൽ, ഭക്ഷണത്തിൽ പങ്കുചേരണം. ഇതിന് ക്ഷമ ആവശ്യമാണ്. കായികതാരങ്ങൾ എന്ന നിലയിൽ, നാം വേഗവാന്മാരായിരിക്കണം, എന്നാൽ കർഷകർ എന്ന നിലയിൽ നാം ക്ഷമയുള്ളവരായിരിക്കണം. അക്ഷമ നിമിത്തം ഒരു കർഷകൻ ചെറിയ മുളകൾ പറിച്ചെടുത്താൽ അവന്റെ വിള നശിച്ചുപോകും. അതുപോലെ, അവൻ തന്റെ കന്നുകാലികളെ അമിതമായി ഓടിച്ചാൽ, അവൻ അവയ്ക്ക് ക്ഷതമേല്പിച്ചേക്കാം. വിളകളോടും കന്നുകാലികളോടുമെന്നപോലെ, ക്ഷമ ഉണ്ടായിരിക്കുവാൻ കർഷകൻ പഠിക്കണം.

7 മുതൽ 14 വരെയുള്ള വാക്യങ്ങൾ, തിമൊഥെയൊസ് ഒരു കർഷകനായിരിക്കുവാനുള്ള പൗലൊസിന്റെ ആജ്ഞയോട് ബന്ധപ്പെട്ടിരിക്കുന്നു. തിമൊഥെയൊസിനോട് താൻ പറയുന്ന കാര്യങ്ങൾ പരിഗണിക്കുവാനും കർത്താവ് അവന് എല്ലാ കാര്യങ്ങളിലും ഗ്രാഹ്യം നൽകുമെന്നും പറഞ്ഞതിനുശേഷം (വാ. 7) പൗലൊസ് തുടർന്നു പറയുന്നു, "എന്റെ സുവിശേഷപ്രകാരം, മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ട, ദാവീദിന്റെ സന്തതിയിൽനിന്നുള്ള, യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക." വാക്യം 8-ലെ *ഉയിർപ്പിക്കപ്പെട്ട* എന്ന പദം, പുനരുത്ഥാന ശക്തിയോടുകൂടിയ തന്റെ ദിവ്യജീവനാൽ മരണത്തിന്മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ സൂചിപ്പിക്കുന്നു. *ദാവീദിന്റെ സന്തതി* എന്ന പ്രയോഗം ക്രിസ്തുവിന്റെ മാന്യമായ മനുഷ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു, അത് അവന്റെ ദിവ്യപ്രകൃതത്തോടുകൂടെ ഉയർത്തപ്പെടുകയും തേജസ്കരിക്കപ്പെടുകയും ചെയ്തു. സമാന്തര ഭാഗമായ റോമർ 1:1-4-ലെന്നപോലെ, *എന്റെ സുവിശേഷം* എന്നത് സൂചിപ്പിക്കുന്നത്, മനുഷ്യപുത്രനാകുവാൻ ജഡാവതാരം ചെയ്തവനും, ദൈവപുത്രനാകുവാൻ ഉയിർപ്പിക്കപ്പെട്ടവനുമായി ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവുമുള്ള ക്രിസ്തു എന്ന ജീവിക്കുന്ന വ്യക്തിയെക്കുറിച്ചുള്ള സദ്വർത്തമാനമായിരുന്നു പൗലൊസിന്റെ സുവിശേഷം എന്നാണ്.

"കുറ്റവാളി എന്നപോലെ ബന്ധനങ്ങളോളം" താൻ തിന്മ സഹിച്ചുവെന്നും എന്നാൽ "ദൈവവചനം ബന്ധിക്കപ്പെട്ടില്ല" എന്നും പൗലൊസ് പറയുന്നു (2 തിമൊ. 2:9). ശത്രുവായ സാത്താനാൽ പ്രേരിപ്പിക്കപ്പെട്ട മനുഷ്യപ്രയത്നങ്ങളാലുള്ള എല്ലാ എതിർപ്പുകളും ഉണ്ടായിരുന്നിട്ടും, ദൈവവചനം വിടുവിക്കപ്പെടുവാനും, മനുഷ്യരാൽ സ്വതന്ത്രമായി പ്രസംഗിക്കപ്പെടുവാനും, കൂടുതൽ പ്രബലമായിത്തീരുവാനും അപ്പൊസ്തലന്റെ ബന്ധനങ്ങൾ ഇടയാക്കി.

വാക്യം 10-ൽ പൗലൊസ് തുടർന്നു പറയുന്നു, "അതുകൊണ്ട് നിത്യതേജസ്സോടുകൂടിയ ക്രിസ്തുയേശുവിലുള്ള രക്ഷ തിരഞ്ഞെടുക്കപ്പെട്ടവർ പ്രാപിക്കേണ്ടതിന് അവർ നിമിത്തം ഞാൻ സകലവും സഹിക്കുന്നു." *തിരഞ്ഞെടുക്കപ്പെട്ടവർ* ക്രിസ്തുവിലുള്ള വിശ്വാസികളെ സൂചിപ്പിക്കുന്നു, അവർ ലോകസ്ഥാപനത്തിനുമുമ്പ് പിതാവായ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും (എഫെ. 1:4) രക്ഷയ്ക്കായി മനുഷ്യവർഗത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. തനിക്കു രക്ഷ ലഭിച്ചതുപോലെ നമുക്കും ലഭിക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടവരായ നമുക്കുവേണ്ടി അപ്പൊസ്തലൻ എല്ലാ കഷ്ടങ്ങളും സഹിച്ചു.

2 തിമൊഥെയൊസ് 2:10-ൽ പൗലൊസ് രക്ഷയെയും നിത്യതേജസ്സിനെയും കുറിച്ചല്ല പറയുന്നത്, പ്രത്യുത നിത്യതേജസ്സോടുകൂടിയ രക്ഷയെക്കുറിച്ചാണ്. നിത്യതേജസ്സാണ് ദൈവത്തിന്റെ രക്ഷയുടെ ആത്യന്തിക ലക്ഷ്യം (റോമ. 8:21). ദൈവത്തിന്റെ രക്ഷ നമ്മെ അവന്റെ തേജസ്സിലേക്ക് നയിക്കുന്നു (എബ്രാ. 2:10). ഇത് സുവിശേഷത്തിനുവേണ്ടി കഷ്ടങ്ങൾ സഹിക്കുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു (റോമ. 8:17).

തിമൊഥെയൊസിനോട് ഒരു കർഷകനാകുവാൻ ആജ്ഞാപിച്ചശേഷം ഉടനെ, പൗലൊസ് കഷ്ടത്തെക്കുറിച്ച് സംസാരിക്കുന്നു. ഒരു കർഷകൻ കഷ്ടപ്പെടുവാനും സഹിഷ്ണുത കാണിക്കുവാനും പ്രാപ്തനായിരിക്കണമെന്ന് ഇതു സൂചിപ്പിക്കുന്നു. ഒരു കർഷകനെന്ന നിലയിൽ അവൻ കഷ്ടം സഹിക്കുവാൻ മാത്രമല്ല മരിക്കുവാനും പഠിക്കണം.

ഈ വാക്യങ്ങളിൽ പൗലൊസ് തന്റെ സ്വന്തം കഷ്ടങ്ങളെക്കുറിച്ച് സംസാരിക്കുക മാത്രമല്ല, കഷ്ടം സഹിക്കുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ഒരുവന്റെ മാതൃകയായി കർത്താവായ യേശുവിനെ അവതരിപ്പിക്കുകയും ചെയ്യുന്നു. 2 തിമൊഥെയൊസ് 2:11 മുതൽ 13 വരെ ഒരു ഗീതമായിരുന്നിരിക്കാം. ഈ ഭാഗം റോമർ 6:8-നോടും 8:17-നോടും യോജിക്കുന്നു. 2 തിമൊഥെയൊസ് 2:11 പറയുന്നു, "ഈ വചനം വിശ്വാസയോഗ്യമാകുന്നു: നാം അവനോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടെ ജീവിക്കും." *അവനോടുകൂടെ മരിച്ചു* എന്ന പ്രയോഗം സ്നാനത്താൽ പ്രതീകപ്പെടുത്തുന്നതുപോലെ (റോമ. 6:3-8) ക്രിസ്തുവിന്റെ ക്രൂശീകരണത്തോട് ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ, *അവനോടുകൂടെ ജീവിക്കും* എന്നത് അർഥമാക്കുന്നത് ക്രിസ്തുവിനെ അവന്റെ പുനരുത്ഥാനത്തിൽ ജീവിക്കും എന്നാണ് (വാ. 5, 8; യോഹ. 14:19).

2 തിമൊഥെയൊസ് 2:12 പറയുന്നു, “നാം സഹിക്കുന്നുവെങ്കിൽ അവനോടുകൂടെ വാഴും; നാം അവനെ നിഷേധിക്കുമെങ്കിൽ അവനും നമ്മെ നിഷേധിക്കും.” സഹിക്കുന്നത് ഈ യുഗത്തിലെ ജീവിതത്തോടും, ക്രിസ്തുവിനോടുകൂടെ വാഴുന്നത് വരാനിരിക്കുന്ന യുഗത്തോടും ബന്ധപ്പെട്ടിരിക്കുന്നു. നാം അവനെ നിഷേധിക്കുന്നുവെങ്കിൽ അവൻ നമ്മെ നിഷേധിക്കും; അതായത്, അവൻ നമ്മെ അംഗീകരിക്കുകയില്ല (മത്താ. 10:33; ലൂക്കൊ. 12:9).

2 തിമൊഥെയൊസ് 2:13 തുടർന്നു പറയുന്നു, "നാം അവിശ്വസ്തരെങ്കിലും, അവൻ വിശ്വസ്തനായി തുടരുന്നു, അവനെത്തന്നെ നിഷേധിക്കുവാൻ അവന് കിഴിയില്ലല്ലോ." ഈ വാക്യത്തിലെ *വിശ്വസ്തൻ* എന്ന പദം കർത്താവിന്റെ സ്വന്തം വചനത്തോടുള്ള വിശ്വസ്തതയെ സൂചിപ്പിക്കുന്നു. നാം അവിശ്വസ്തരാണെങ്കിലും, കർത്താവ് വിശ്വസ്തനായി തുടരും, കാരണം അവന് അവനെത്തന്നെ നിഷേധിക്കുവാൻ കഴിയുകയില്ല. നാം അവനോട് അവിശ്വസ്തരായിത്തീരുന്നുവെങ്കിൽ, അവൻ വിശ്വസ്തനായി തുടർന്നാലും, അവനെത്തന്നെ അവിശ്വസ്തനാക്കുന്നതിലൂടെ, അതായത്, അവനെത്തന്നെ നിഷേധിക്കുന്നതിലൂടെ, അവന്റെ പ്രകൃതത്തെയും അവന്റെ ആളത്തത്തെയും നിഷേധിച്ചുകൊണ്ട്, അവന് നമ്മെ വിശ്വസ്തരായി സ്വീകരിക്കുവാൻ കഴിയുകയില്ല.

വാക്യം 14-ൽ പൗലൊസ് പറയുന്നു, "കേൾക്കുന്നവർക്ക് ഹാനിവരുത്തുന്ന, ഒന്നിനും ഉപകരിക്കാത്ത, വാക്കുകളുടെ വാദങ്ങൾ ഇല്ലാതിരിക്കുവാൻ ദൈവത്തിനുമുമ്പാകെ അവരോട് ഗൗരവമായി ആജ്ഞാപിച്ചുകൊണ്ട്, ഇവയെക്കുറിച്ച് അവരെ ഓർമ്മപ്പെടുത്തുക." “ഇവയെക്കുറിച്ച്” എന്നതിലൂടെ പൗലൊസ് പരാമർശിക്കുന്നത് നല്ല നിക്ഷേപം ഭരമേല്പിക്കപ്പെട്ടവരായ വിശ്വസ്തരും പ്രാപ്തരുമായ മനുഷ്യർ, അവർ ഉപദേഷ്ടാക്കന്മാർ മാത്രമല്ല, പടയാളികളും, കായികതാരങ്ങളും കർഷകരും ആയിരിക്കണം എന്നാണ്. ഭൂമിയിൽ കർത്താവായ

യേശു ജീവിച്ചതുപോലെ അവർക്ക് ക്ഷമയും സഹിഷ്ണുതയും ഉണ്ടായിരിക്കണം. കർത്താവ് ക്ഷമയോടെ കഷ്ടമനുഭവിക്കുകയും, അവൻ സഹിക്കുകയും ചെയ്തു. അവൻ മരണത്തിന് ഏല്പിക്കപ്പെട്ടശേഷം, അവൻ ഉയിർത്തെഴുന്നേറ്റു. ഇതിന്റെ അടിസ്ഥാനത്തിൽ, നാം അവനോടുകൂടെ മരിക്കുന്നുവെങ്കിൽ നാം ജീവിക്കുമെന്നും, നാം അവനോടുകൂടെ കഷ്ടം സഹിക്കുന്നുവെങ്കിൽ അവനോടുകൂടെ വാഴുമെന്നും പൗലൊസ് പറയുന്നു.

**ഒരു വേലക്കാരൻ**

വാക്യം 15-ൽ പൗലൊസ് പറയുന്നു, "സത്യത്തിന്റെ വചനത്തെ നേരേ മുറിച്ചുകൊണ്ട്, ലജ്ജിക്കാത്ത വേലക്കാരനായി, ദൈവത്തിന് അംഗീകൃതനായി നിന്നെത്തന്നെ നിർത്തുവാൻ ശുഷ്കാന്തിയുള്ളിവനാകുക." കുത്തിവയ്ക്കുന്നവൻ ഒരു വേലക്കാരനായിരിക്കണമെന്ന് ഇവിടെ പൗലൊസ് സൂചിപ്പിക്കുന്നു. ഒരു മരപ്പണിക്കാരനെന്ന നിലയിൽ, ഈ വേലക്കാരൻ സത്യത്തിന്റെ വചനത്തെ നേരെ മുറിക്കണം. ഇതർഥമാക്കുന്നത് ദൈവവചനത്തെ വളച്ചൊടിക്കാതെ അതിന്റെ വിവിധ ഭാഗങ്ങളിൽ ശരിയായും നേരേയും വെളിപ്പെടുത്തുക എന്നാണ്. മരപ്പണിക്കാരന് മരത്തെ നേരേ മുറിക്കുവാനുള്ള വൈദഗ്ധ്യം ഉള്ളതുപോലെ, കർത്താവിന്റെ വേലക്കാരന് സത്യത്തിന്റെ വചനത്തെ നേരേ മുറിക്കുവാനുള്ള വൈദഗ്ധ്യം ആവശ്യമാണ്. സഭയുടെ അധഃപതനത്തിൽ നിരവധി സത്യങ്ങൾ വളച്ചൊടിക്കുകയും വികൃതമായും പക്ഷപാതപരമായ രൂപത്തിലും അവതരിപ്പിക്കുകയും ചെയ്തതുകൊണ്ട്, ഇത് അനിവാര്യമാണ്.

“വാക്കുകളുടെ വാദങ്ങൾ” (വാ. 14), “അശുദ്ധമായ വ്യർഥ ജല്പനങ്ങൾ” (വാ. 16), വിഷവ്രണം പോലെ പടരുന്ന വാക്ക് (വാ. 17), “മൂഢമായ ചോദ്യംചെയ്യലുകളും അഭ്യസിക്കാത്ത മനസ്സിൽനിന്ന് ഉയരുന്നവയും” (വാ. 23) കേൾക്കുന്നർക്ക് ഹാനിവരുത്തുവാനും (v. 14), അഭക്തിയിലേക്ക് മുന്നേറുവാനും (വാ. 16), ചിലരുടെ വിശ്വാസത്തെ മറിച്ചിടുവാനും (വാക്യം 18) തർക്കങ്ങൾ ജനിപ്പിക്കുവാൻ സഭകൾക്കിടയിലുള്ള താഴോട്ടുള്ള പ്രവാഹത്തിൽ (വാ. 23) പലപ്പോഴും പിശാചിനാൽ ഉപയോഗിക്കപ്പെടുന്നു (വാ. 26). തന്മൂലം, ഇരുളാക്കപ്പെട്ട ജനത്തെ പ്രകാശിപ്പിക്കുവാനും, വിഷത്തിനെതിരെ കുത്തിവയ്ക്കുവാനും, മരണത്തെ വിഴുങ്ങുവാനും, വ്യതിചിലക്കപ്പെട്ടവരെ ശരിയായ പാതയിലേക്ക് മടക്കിക്കൊണ്ടുവരാനും ശരിയായി വെളിപ്പെടുത്തിയിരിക്കുന്ന സത്യവചനത്തിന്റെ ആവശ്യമുണ്ട്.

ഇന്ന് ക്രിസ്ത്യാനികൾക്കിടയിൽ, സത്യത്തിന്റെ ഉപരിപ്ലവമായ വശങ്ങൾ മാത്രമേ വളച്ചൊടിക്കപ്പെടാത്തതായുള്ളൂ. ഫലത്തിൽ സത്യത്തിന്റെ ആഴമേറിയ കാര്യങ്ങളെല്ലാം വളച്ചൊടിക്കപ്പെട്ടിരിക്കുന്നു. ഈ കാര്യങ്ങളെ സംബന്ധിച്ച് അനേകരും സത്യത്തിന്റെ വചനം നേരേ മുറിച്ചിട്ടില്ല, മറിച്ച് വളഞ്ഞതും പക്ഷപാതപരവുമായ വിധത്തിൽ മുറിച്ചു. അതുകൊണ്ട്, നാം ഉപദേഷ്ടാക്കന്മാരും, പടയാളികളും, മത്സരാർത്ഥികളും, കർഷകരും മാത്രമല്ല, സത്യത്തിന്റെ വചനം നേരേ മുറിക്കുന്ന മരപ്പണിക്കാരായ വേലക്കാരും ആയിരിക്കണം. ഇവിടെ സത്യം എന്നത് കേവലം വേദപുസ്തകത്തിലെ ഉപദേശത്തെയല്ല സൂചിപ്പിക്കുന്നത്; അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കത്തെയും യാഥാർഥ്യത്തെയും പരാമർശിക്കുന്നു. ഈ സത്യത്തിന്റെ പ്രധാന മൂലകങ്ങൾ ദൈവത്തിന്റെ മർമവും ദൈവത്തിന്റെ ദേഹരൂപവുമായ ക്രിസ്തുവും, ക്രിസ്തുവിന്റെ മർമവും ക്രിസ്തുവിന്റെ ശരീരവുമായ സഭയും ആകുന്നു. ക്രിസ്തുവിനോടും സഭയോടുമുള്ള ബന്ധത്തിൽ നാം എല്ലാവരും സത്യവചനത്തെ നേരേ മുറിക്കുവാൻ പഠിക്കണം.

സത്യവചനത്തെ നേരേ മുറിക്കുന്നതിനെക്കുറിച്ചുള്ള പൗലൊസിന്റെ വാക്കിനെ ചില ബ്രദറൻ ഉപദേഷ്ടാക്കന്മാർ വ്യാഖ്യാനിക്കുന്നത് വേദപുസ്തകത്തെ

നിഷ്പാപയുഗം, മനഃസാക്ഷിയുഗം, മാനുഷിക ഭരണയുഗം, ന്യായപ്രമാണയുഗം, കൃപായുഗം, രാജ്യയുഗം എന്നീ വിവിധ യുഗങ്ങളായി വിഭജിക്കുന്നു എന്ന അർഥത്തിലാണ്. ഈ യുഗങ്ങൾക്കനുസൃതമായി വേദപുസ്തകത്തെ മനസ്സിലാക്കുവാൻ കഴിയും. എങ്കിലും, വചനത്തെ യുഗങ്ങളായി ക്രമീകരിക്കുന്നതല്ല സത്യവചനത്തെ നേരേ മുറിക്കുന്നതിനെക്കുറിച്ച് പൗലൊസ് 2:15-ൽ അർത്ഥമാക്കുന്നത്. 1, 2 തിമൊഥെയൊസിന്റെയും, തീത്തൊസിന്റെയും മൂന്നു പുസ്തകങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതുപോലെ, *സത്യം* എന്ന വാക്കിന് ഒരു പ്രത്യേക പ്രാധാന്യമുണ്ട്: അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നു. ഇത് തിരിച്ചറിയാതെ, 2 തിമൊഥെയൊസ് 2:15-ൽ പൗലൊസ് പൊതുവായ രീതിയിൽ സത്യത്തെക്കുറിച്ച് സംസാരിക്കുന്നുവെന്ന് പല വേദപുസ്തക വായനക്കാർ ചിന്തിക്കുന്നു. എന്നാൽ ഈ വാക്യത്തിലെ *സത്യം* എന്ന വാക്ക് 1, 2 തിമൊഥെയൊസിന്റെയും തീത്തൊസിന്റെയും മൂന്നു പുസ്തകങ്ങളിലെ അതിന്റെ ഉപയോഗമനുസരിച്ച് നാം മനസ്സിലാക്കേണ്ടതാവശ്യമാണ്. സഭ “സത്യത്തിന്റെ തൂണും അടിസ്ഥാനവും” ആണെന്ന് 1 തിമൊഥെയൊസ് 3:15 പറയുന്നു. ഈ സത്യം ജഡത്തിൽ വെളിപ്പെട്ട ദൈവം എന്ന ദൈവികതയുടെ മർമമാണ്. സഭ ഈ സത്യത്തെ, ഈ യാഥാർഥ്യത്തെ വഹിക്കുകയും ഉയർത്തിപ്പിടിക്കുകയും വേണം. ഈ മൂന്ന് ലേഖനങ്ങളിൽ നിരവധി തവണ പൗലൊസ് സത്യത്തെക്കുറിച്ച് സംസാരിക്കുന്നു. ഉദാഹരണത്തിന്, "സകല മനുഷ്യരും രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ പൂർണ പരിജ്ഞാനത്തിൽ വരുവാനും ദൈവം ഇച്ഛിക്കുന്നു" എന്ന് 1 തിമൊഥെയൊസ് 2:4-ൽ അവൻ പറയുന്നു. 2 തിമൊഥെയൊസ് 2:15-ലെ *സത്യത്തിന്റെ വചനം* ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പഥ്യവചനങ്ങളെ സൂചിപ്പിക്കുന്നു. വേലക്കാരെന്ന നിലയിൽ, വേദപുസ്തകത്തെ കേവലം യുഗങ്ങളായി വിഭജിക്കാതിരിക്കുവാൻ നാം പഠിക്കണം. ഇത് വളരെ ഉപരിപ്ലവമാണ്. ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച സത്യത്തിന്റെ വചനം വെളിപ്പെടുത്തുവാൻ നാം പഠിക്കണം. നാം ഇത് ചെയ്യണമെങ്കിൽ, ഈ മൂന്നു ലേഖനങ്ങളിൽ പൗലൊസ് സത്യം എന്ന പദം ഉപയോഗിച്ചത് നാം ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടതാവശ്യമാണ്. ഈ പുസ്തകങ്ങൾ നാം ശ്രദ്ധാപൂർവം പരിഗണിക്കുകയാണെങ്കിൽ, ഇവിടെ സത്യം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കത്തിന്റെ യാഥാർഥ്യത്തെ സൂചിപ്പിക്കുന്നുവെന്ന് നാം കാണും. അതുകൊണ്ട്, സത്യത്തിന്റെ വചനം നേരേ മുറിക്കുന്നത് പുതിയനിയമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ യാഥാർഥ്യത്തെ പക്ഷപാതം കൂടാതെയോ വളച്ചൊടിക്കാതെയോ വെളിപ്പെടുത്തുന്നതാണ്. (*Life-study of 2 Timothy,* 2nd ed., pp. 21-28)